# കാർഷിക കേരളത്തെ അവഗണിക്കരുത്

ഒരു കാർഷിക സമ്പദ് വ്യവസ്ഥയാണ് കേരളത്തിന്റേത്. കൃഷിയെയും കർഷകരെയും അവഗണിച്ചുള്ള ഏതു നീക്കവും കേരളത്തെ തകർക്കും. നിർഭാഗ്യവശാൽ കഴിഞ്ഞ കുറേകാലമായി കർഷകദ്രോഹ നടപടികളാണ് ഗവൺമെന്റുകളുടെ ഭാഗത്തുനിന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. വമ്പൻതലക്കെട്ടുകൾ നേടുന്ന പ്രഖ്യാപനങ്ങൾ ഒഴിച്ചാൽ നടപടികൾ വളരെ ക്കുറവ്. റബർവില താഴേക്കു പോകുമ്പോഴും സംസ്ഥാനം പ്രഖ്യാപിച്ച തുക കർഷകർക്ക് ഇതുവരെ നൽകാൻ ഒരു നടപടിയുമായിട്ടില്ല. ഇതെഴുതുമ്പോൾ 125 രൂപയാണ് ഒരു കിലോ റബറിന്. കിലോയ്ക്ക് 150 രൂപ ഉറപ്പുവരുത്തുമെന്നായിരുന്നു പ്രഖ്യാപനം. യഥാർഥ റബർവില 125 ആണെങ്കിൽ 25 രൂപ സർക്കാർ കർഷകർക്കു നൽകി 150 രൂപ നൽകാനായിരുന്നു തീരുമാനം. എന്നാൽ ഇതുവരെ ഇതുസംബന്ധിച്ച് ഗവൺമെന്റ് ഓർഡർ ഇറങ്ങിയിട്ടില്ല. അടിയന്തര ഘട്ടങ്ങളിലാണ് റബർബോർഡ് പോലുള്ള പ്രസ്ഥാനങ്ങൾ കർഷകർക്ക് ആശ്വാസമാകേണ്ടത്. എന്നാൽ ഈ ബോർഡിന് ചെയർമാൻ പോലും ഇല്ലാതായിട്ട് മാസങ്ങളായി. സ്പൈസസ് ബോർഡ് ചെയർമാന് അധിക ചുമതല നൽകിയിരിക്കുകയുമാണ്. ഇന്ത്യയിൽ തന്നെ റബറിന് വിപണികണ്ടെത്താൻ വലിയ പ്രയാസമൊന്നുമില്ല. ഉത്തരേന്ത്യൻ വ്യവസായികൾ കിലോയ്ക്ക് 180 രൂപയ്ക്കാണ് റബർ വാങ്ങുന്നത്. കേരളത്തിലെ റബർ ട്രെയിൻ മാർഗമോ മറ്റോ കുറഞ്ഞ ചരക്കുകൂലിയിൽ അവർക്കെത്തിച്ചു നൽകാൻ സംസ്ഥാനവും കേന്ദ്രവും റബർബോർഡും ശ്രമിച്ചാൽ നടക്കാവുന്നതേയുള്ളു.

നാളികേരമാണ് കർഷകർക്ക് ഒരു പ്രതീക്ഷനൽകുന്നത്. നീരയും അതിൽ നിന്നുള്ള മൂല്യവർധിത ഉത്പന്നങ്ങളും വെളിച്ചെണ്ണയുമെല്ലാം വിദേശത്ത് ചൂടപ്പം പോലെ വിറ്റഴിയുകയാണ്. എന്നാൽ ഈ സാധ്യതകൾ വേണ്ടവിധം ചൂഷണം ചെയ്യാൻ നമുക്കിനിയും കഴിഞ്ഞിട്ടില്ല. നീര ഉത്പാദനത്തിന് സംസ്ഥാന ബജറ്റിൽ നീക്കിവച്ചിരുന്ന 30 കോടിയിൽ എട്ടുകോടി കൃഷിവകുപ്പിനും ഒരുകോടി എക്സൈസ് വകുപ്പിനും നൽകി ഈ മന്ത്രിമാർ തമ്മിലുള്ള പോര് അവസാനിപ്പിച്ചു. എന്നാൽ കർഷകർക്ക് നീര ഉത്പാദനത്തിനു നൽകേണ്ട തുകയുടെ കാര്യത്തിൽ ഒരു തീരമാനവുമായിട്ടില്ല. നീരയ്ക്കു നിലവിൽ വൻ ഡിമാൻഡുണ്ട്. അതിനനുസരിച്ച് ഉത്പാദനം നടത്തണമെങ്കിൽ പുതിയ സംവിധാനങ്ങളുണ്ടാക്കണം. കഴിഞ്ഞബജറ്റിൽ ഇതിനായി നീക്കിവച്ച 15 കോടി കൃഷിവകുപ്പ് ഭരണാനുമതി നൽകാതെ ലാപ്സാക്കി. ഈ വർഷത്തെ 30 കോടിയുടെ കാര്യത്തിലും അതുതന്നെ സംഭവിക്കുമെന്ന് കർഷകർ ഭയക്കുന്നു.

നെൽകർഷകർക്കു വിലയായി നൽകേണ്ട തുകയും ഇതുവരെ നൽകിയിട്ടില്ല. 390 കോടി ഈ ഇനത്തിൽ കർഷകനു നൽകാനുണ്ട്. ഇതു ലഭിക്കാൻ കർഷകർ പ്രക്ഷോഭത്തിലേക്ക് നീങ്ങുകയാണ്. കർഷകരിൽ നിന്ന് നെല്ലെടുത്തു വിറ്റ് സർക്കാർ കാശുവാങ്ങിയിട്ടും കർഷകർക്കു കൊടുക്കാനുള്ളതു മാത്രം കൊടുക്കാൻ കഴിയുന്നില്ല.

പൊതുവിൽ കാർഷികമേഖലയിൽ എല്ലാം തന്നെ ഒരു കെടുകാര്യസ്ഥതവല്ലാതെ നിഴലിക്കുന്നു. മെട്രോയും ലൈറ്റ്മെട്രോയുമൊക്കെ പണിയാൻ കാണിക്കുന്ന തിടുക്കം ഇതിനൊക്കെ നികുതിയിനത്തിൽ പണം തന്നു സഹായിക്കുന്ന കർഷകന് കൊടുക്കാനുള്ളത് കൊടുക്കാനും കാണിക്കണം. അസംഘടിതരായ കർഷകരുടെ അണ്ണാക്കിൽ കമ്പിട്ടു കുത്തിയാൽ അവരും കടിക്കുമെന്ന് ഓർക്കുന്നതും നന്ന്.

-പത്രാധിപർ